**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5416** — **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകൾ എന്ന വ്യാജേന ചിട്ടികൾ നടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകൾ എന്ന വ്യാജേന നികുതി വെട്ടിപ്പ് നടത്തുന്നതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചതിൽ, പരാതിയിലെ പരാമർശ വിഷയങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ മറ്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; | (ബി) | സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥയില്ല. |
| (സി) | സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്. , ജി.ഡി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറുണ്ടോ; | (സി) | സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്, ജി.ഡി.സി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറില്ല. |
| (ഡി) | ഇത്തരം സ്കീമുകൾ നടത്തുന്നതിന് സർക്കുലറുകൾ പുറപ്പെടുവിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരം നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ? | (ഡി) | 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 (എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കുലറുകൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നത്. |

സെക്ഷൻ ഓഫീസർ